# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3598 15.07.2015-ൽ മറുപടിയ്ക്ക്**

## കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ : | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിച്ചു നിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി<br>2. 13-ാം ധനകാര്യ കമ്മിഷൻ വഴിയുള്ള പദ്ധതികൾ<br>3. സംസ്ഥാനത്തെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള പദ്ധതികൾ<br>4. നബാർഡിന്റെ സഹായത്തോടെയുള്ള കുളങ്ങളുടെ നവീകരണം<br>5. കേന്ദ്രസർക്കാറിന്റെ ആർ.ആർ.ആർ പദ്ധതി |

(ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പ്രധാന കുളങ്ങളായ ബളാൽ പഞ്ചായത്തിലെ വലിയ പുഞ്ച, കള്ളാർ പഞ്ചായത്തിലെ ചേറ്റ്കല്ല് പൊതുകുളം, മടിക്കൈ പഞ്ചായത്തിലെ കണ്ണോത്ത് വയൽ ചുള്ളിമൂലക്കുളം, കോടോം ബേളൂർ പഞ്ചായത്തിലെ എരുമക്കുളം, അജാനൂർ പഞ്ചായത്തിലെ ചോരിവയൽക്കുളം, കിനാനൂർ കരിന്തളം പഞ്ചായത്തിലെ ചെറുവ എന്നിവ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി)& (സി)

കുളങ്ങളുടെ നവീകരണത്തിനായി സർക്കാരിൽ ലഭിച്ച ലിസ്റ്റിൽ ഭരണാനുമതി നല്കിയതും ഉൾപ്പെട്ടിരുന്നതിനാൽ പുതുക്കിയ ലിസ്റ്റ് നല്കുവാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമായാലുടൻ പരിശോധിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**